# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4036

20-03-2018 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകൃഷി

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ നടപ്പ് വർഷം 90,580 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. |
| (ബി) | നെൽകൃഷി പ്രോത്സാഹിപ്പിച്ച് നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | നെൽകൃഷി പ്രോത്സാഹിപ്പിച്ച് നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1) പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), പാലക്കാട് നെൽകൃഷി വികസന ഏജൻസി (PNKVA) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന സഹായം നൽകുന്നു.<br>2) ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്ന പദ്ധതിയിൽ 349 ഹെക്ടർ സ്ഥലം ഇരുപ്പൂ കൃഷി ചെയ്യിച്ചു.<br>3) തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ സർവ്വേ നടത്തുകയും തരിശു നിലങ്ങളിൽ കൃഷി ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. നടപ്പ് വർഷം 167.1 ഹെക്ടർ തരിശു നിലം കൃഷി ചെയ്യിച്ചു.<br>4) നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്. നടപ്പ് വർഷം 90,580 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു. |

5) കരനെല്ല് കൃഷി ചെയ്യിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 113 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യിച്ചു.
6) സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 75% സബ്സിഡി നിരക്കിൽ കുമ്മായവും, സൂക്ഷ്മ മൂലകങ്ങൾ 50% സബ്സിഡി നിരക്കിലും നൽകുന്നു.
7) എൻ.എഫ്.എസ്.എം പദ്ധതി കളിൽ കറ്റിപമ്പ്, പമ്പ്സെറ്റ്, കോണോ വീഡർ തുടങ്ങിയവ 50% സബ്സിഡി നിരക്കിൽ നൽകുന്നു.
8) സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി പദ്ധതിയധിഷ്ഠിത ഘടകങ്ങളിൽപ്പെടുത്തി എക്കോളൊജിക്കൽ എഞ്ചിനീയറിങ്, റൈസ് മില്ലുകൾ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവക്കായി 162 ലക്ഷം രൂപയുടെ പരിപാടികൾ നടപ്പാക്കുന്നുണ്ട്.
9) ഉൽപ്പാദന ബോണസ്സായി ഹെക്ടറിനു 1000/- രൂപ നൽകുന്നു.
10) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി നെൽവിത്ത്, ഉഴവുകൂലി എന്നിവ നൽകുന്നുണ്ട്.
11) തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നാണു കൃഷിപ്പണികൾ ചെയ്യിക്കുന്നത്.
12) വൈദ്യുതി സൗജന്യത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ